# ഹോണ്ട യങ് എഞ്ചിനിയർ ആന്റ് സയന്റിസ്റ്റ് അവാർഡ് പ്രഖ്യാപിച്ചു

ന്യൂ ഡൽഹി: ഇന്ത്യയിൽ പ്രീമിയം കാറുകളുടെ പ്രമുഖ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് , 201920 ലേക്കുള്ള യങ് എഞ്ചിനിയർ ആന്റ് സയന്റിസ്റ്റ് അവാർഡ് 13-ാം എഡിഷൻ സംഘടിപ്പിച്ചു. രാജ്യമെമ്പാടുമുള്ള, ഇന്ത്യയിലെ പ്രമുഖ സയൻസ് ആന്റ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടുകളായ കകഠ കളിലെ 14 വിദ്യാർത്ഥികൾക്ക് സമ്മാനിച്ചു.

സീനിയർ ഹോണ്ട എക്സിക്യൂട്ടീവുകളും പ്രമുഖ ഇന്ത്യൻ ശാസ്ത്രജ്ഞരും ഉൾപ്പെട്ട ജൂറി നടത്തിയ വിദഗ്ധ മൂല്യനിർണയത്തിന് ശേഷമാണ് IIT കളിലെ സമർത്ഥരായ വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് അഭിമാനകരമായ YES അവാർഡ് സമ്മാനിച്ചത്.

YES പ്രോഗ്രാമിന്റെ പുതിയ എഡിഷനോടെ കമ്പനി 13 വർഷത്തിൽ 168 വിദ്യാർത്ഥികൾക്കാണ് അംഗീകാരവും ബഹുമതിയും നൽകിയിട്ടുള്ളത്.